നമ്പർ. എസ് എസ് ജി2/48/റ്റി സി/2019

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in]

തീയതി, 21.06.2019

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്.,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — എച്ച് എസ് ആർ പി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- മോർത്ത് നോട്ടിഫിക്കേഷൻ ജി എസ് ആർ (1162 ഇ) തീയതി 04/12/2018.

മേൽ വിഷയത്തിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 01/04/2019 - ന് ശേഷം നിർമ്മിച്ചിട്ടുള്ളതായ വാഹനങ്ങൾക്ക് എച്ച് എസ് ആർ പി നിർബന്ധമാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് മോർത്ത് ജി എസ് ആർ (1162 ഇ) എന്ന നമ്പർ പ്രകാരം നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുകയുണ്ടായി. ഈ നോട്ടിഫിക്കേഷൻ പ്രകാരം വാഹൻ ലൂടെ രജിസ്റ്റർ ചെയ്ത ഒരു വാഹനത്തിന്റെ നമ്പർ പ്ലേറ്റ് 24 മണിക്കൂറിനകം നൽകണം എന്നാണ് നിയമം. എന്നാൽ പല ഡീലർമാരും ഈ നിയമം സമയബന്ധിതമായി നടപ്പിലാക്കുന്നില്ല എന്നും ഇതിനെ തുടർന്ന് വിവിധ ഓഫീസുകളിൽ ഒരു ലക്ഷത്തിലധികം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് നൽകുവാൻ സാധിക്കുന്നില്ല എന്നും അറിയാൻ കഴിഞ്ഞു. ഇത് മോട്ടോർ വാഹന വകുപ്പിന്റെ പ്രതിഛായയെ തന്നെ ബാധിക്കുന്ന ഒരു കാര്യമാണ്. ആയതിനാൽ,

1. നിലവിൽ തീർപ്പാക്കാനുള്ള ഫയലുകളിൽ ഡീലർമാർ 27.06.2019 മുൻപായി സമയബന്ധിതമായി എച്ച്.എസ്.ആർ.പി നൽകുകയും ആയതിന്റെ വിവരങ്ങൾ വാഹനിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കണം. അല്ലാത്തപക്ഷം മേൽ ഡീലർമാരുടെ പുതിയ അപേക്ഷകൾ 28.06.2019-ന് ശേഷം സ്വീകരിക്കുന്നതല്ല.
2. ഇത്തരം എച്ച്.എസ്.ആർ.പി വിവരങ്ങൾ അപ്ലോഡ് ചെയ്ത അപേക്ഷകൾ റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഉടനടി തീർപ്പുകൽപ്പിച്ച് നൽകേണ്ടതാണ്.

Scanned by CamScanner

3. ഇനിമുതൽ വാഹനം വിറ്റതിനുശേഷം രജിസ്ട്രേഷൻ നമ്പർ അലോട്ട് ചെയ്ത് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്നതുപോലെ 24 മണിക്കൂറിനകം വാഹനങ്ങൾക്ക് എച്ച്.എസ്.ആർ.പി ഫിറ്റ് ചെയ്ത് നൽകാനുള്ള സംവിധാനങ്ങൾ എല്ലാ ഡീലർമാരും മാനുഫാക്ചററുമായി ചേർന്ന് സ്വീകരിക്കേണ്ടതാണ്.

4. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ഇത്തരം സൗകര്യങ്ങൾ ഒരുക്കാത്ത ഡീലർമാർക്കെതിരെ ട്രേഡ് സർട്ടിഫിക്കറ്റ് സസ്പെന്റ് ചെയ്യുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

21/6/2022

ട്രാൻസ്പോർട്ട് കമ്മീഷണർ

21/6

പകർപ്പ് : എല്ലാ ഡീലർമാർക്കും.



Scanned by CamScanner